മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി

98 (2154)ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടുന്ന മാലിന്യ കൂമ്പാരങ്ങൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥലങ്ങളിൽ മാലിന്യ സംസ്കരണത്തിനുള്ള എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമ പഞ്ചായത്തുകളിൽ ഖരമാലിന്യം സംസ്കരിക്കുന്നതിനു വേണ്ടി 1999-2000 വർഷം 175 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. എല്ലാ നഗരസഭകളിലും ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരങ്ങളിൽ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. കൂടാതെ ഈ ആവശ്യത്തിനുവേണ്ടി നഗര സഭകൾക്ക് പലിശ സബ്സിഡിയോടുകൂടി വായ്പ സ്വരൂപിക്കുന്നതിന് കേരള നഗരവികസന ധനകാര്യ കോർപ്പറേഷന് 1.21 കോടി രൂപ സർക്കാർ സഹായം അനുവദിച്ചിട്ടുണ്ട്.

ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടി

99 (2155)ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിലേയും മുനിസിപ്പാലിറ്റി പ്രദേശങ്ങളിലേയും ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തിരുവനന്തപുരം നഗരത്തിലെ ഖരമാലിന്യങ്ങളുടെ സംസ്ക്കരണം സംബന്ധിച്ച് ഈയിടെ സുപ്രീംകോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly